**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നിയമസഭാ നടപടികൾ - സംഗ്രഹം**

**(ചോദ്യോത്തരങ്ങൾ ഒഴികെ)**

2012 ജൂലൈ 12, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## അടിയന്തര പ്രമേയം

### നികത്തിയ നെൽപ്പാടങ്ങൾക്കും നീർത്തടങ്ങൾക്കും നിയമസാധുത നൽകുന്നതുസംബന്ധിച്ച്

മി. സ്പീക്കർ: 2005 ജനുവരി 1-നുമുമ്പ് നിയമവിരുദ്ധമായി നികത്തിയ നെൽപ്പാടങ്ങൾക്കും നീർത്തടങ്ങൾക്കും പിഴ ഈടാക്കിയതിനുശേഷം നിയമ സാധുത നൽകാൻ തീരുമാനിച്ചിരിക്കുന്നതുമൂലം സംസ്ഥാനത്ത് അവശേ ഷിക്കുന്ന പാടങ്ങൾകൂടി നികത്തപ്പെടാനും ഭക്ഷ്യസുരക്ഷയും പാരിസ്ഥിതിക സംരക്ഷണവും ഇല്ലാതാക്കാനും ഇടയാക്കുന്നതായി പറയപ്പെടുന്ന ഗുരുത രമായ സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണ മെന്നാവശ്യപ്പെട്ട് സർവ്വശ്രീ മുല്ലക്കര രത്നാകരൻ, കെ. കെ. ജയചന്ദ്രൻ,

സി. കെ. നാണു, എ. എ. അസീസ്, എ. കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിലൂടെ പരാതികൾ പരിഹരിക്കുന്നതിന് 08-02-2012-ൽ റവന്യൂ വകുപ്പുമായി നടത്തിയ ചർച്ചയിൽ റീ-സർവ്വേ നടത്താനുള്ള പ്രദേശങ്ങളിൽ സർക്കാർ ഭൂമി അളന്ന് തിട്ടപ്പെടുത്തണമെന്നും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് സ്വകാര്യ ഭൂമിയുടെ സർവ്വേ നടത്തിയാൽ മതിയെന്നും പട്ടയം നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്നും 01-01-1977-നു മുമ്പുള്ള കേസുകളിൽ ജോയിന്റ് വെരിഫിക്കേഷനുശേഷം പട്ടയം കൊടുത്തിട്ടുള്ള ഭൂമി റവന്യൂ ഭൂമിയായി കണക്കാക്കേണ്ടതാണെന്നും പട്ടാധാറിന് ഭൂമി കൈമാറ്റം ചെയ്യാനുള്ള അവകാശം ഉണ്ടായിരിക്കുന്നതാണെന്നും തീരുമാനിക്കുകയുണ്ടായി. പട്ടാധാർ ഒടുക്കിയിട്ടുണ്ടെങ്കിൽ പട്ടയഭൂമിയിലെ ചന്ദനം ഒഴികെയുള്ള മരങ്ങൾ മുറിച്ചുമാറ്റുന്നതിന് നിലവിലുള്ള നിയമങ്ങൾക്കനുസരിച്ച് അനുമതി നൽകാനും തീരുമാനിച്ചു. ഇടുക്കി ജില്ലയിൽ 01-01-1977-നുമുമ്പുള്ള കൈവശക്കാർക്ക് 4900 പട്ടയങ്ങൾ ഒരു മാസത്തിനുള്ളിൽ വിതരണം ചെയ്യുന്നതാണ്. ജലവൈദ്യുതി പ്രദേശങ്ങളിൽ പദ്ധതിക്കു വേണ്ടിവരുന്ന ഭൂമി ഒഴികെ ബാക്കിയുള്ളവയ്ക്ക് പട്ടയം നൽകുന്ന നടപടി ത്വരിതപ്പെടുത്തുന്നതിന് റവന്യൂ- വിജിലൻസ്-ഊർജ്ജ വകുപ്പുമന്ത്രിമാരെയും കല്ലട ഇറിഗേഷൻ പ്രോജക്ടിന്റെ കനാൽ ഭാഗത്ത് താമസിക്കുന്നവർക്ക് പട്ടയം നൽകുന്ന നടപടി ത്വരിതപ്പെടുത്തുന്നതിന് റവന്യൂ-വിജിലൻസ്-ജലവിഭവ വകുപ്പുമന്ത്രിമാരേയും ചുമതപ്പെടുത്താൻ തീരുമാനിച്ചിട്ടു

ണ്ട്. നെൽപാടങ്ങളുടെയും തണ്ണീർത്തടങ്ങളുടെയും സംരക്ഷണത്തിനായി 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിന് സമഗ്രമായ ഭേദഗതി നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ട താണ്. വർഷങ്ങൾക്ക് മുമ്പ് രൂപാന്തരം സംഭവിച്ചിട്ടും ഇപ്പോഴും റവന്യൂ രേഖകളിൽ നെൽവയലുകളും തണ്ണീർത്തടങ്ങളുമായി തുടരുന്ന 01-01-2005-ന് മുമ്പായി രൂപാന്തരം വരുത്തിയിട്ടുള്ള തണ്ണീർത്തടങ്ങൾക്ക് മതിയായ ഫീസ് ഈടാക്കിക്കൊണ്ട് ഒറ്റത്തവണ മാത്രം ക്രമപ്പെടുത്തുന്നതിന് അനുമതി നൽകാവുന്നതാണെന്ന് ധനാഭ്യർത്ഥന ചർച്ചയ്ക്ക് മറുപടിയായും ചോദ്യോത്തരവേളയിലും സഭയെ അറിയിച്ചിട്ടുണ്ട്. ഈ വിഷയം സഭാനട പടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

<u>ശ്രീ. മുല്ലക്കര രത്നാകരൻ:</u> ലാഘവത്തോടുകൂടിയാണ് ഗവൺമെന്റ് ഈ പ്രശ്നത്തെ സമീപിച്ചിരിക്കുന്നത്. നിയമം വരുന്നതിനുമുമ്പുള്ള കേസുകൾ 1967-ലെ ലാന്റ് യൂട്ടിലൈസേഷൻ ഓർഡർ പ്രകാരമുള്ളതാണ്. പൊതുവികാരത്തിന്റെ അടിസ്ഥാനത്തിലാണ് 2008-ലെ നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം പാസ്സാക്കിയത്. ഈ രണ്ട് നിയമങ്ങളേയും പ്രയോജനപ്പെടാത്തവിധത്തിലുള്ള ഉത്തരവ് മന്ത്രിസഭ പുറപ്പെടുവിച്ചിട്ട് ഇക്കാര്യം മറച്ചുവച്ചിരുന്നത് ഖേദകരമാണ്. 2005 ജനുവരി മാസത്തിന് മുമ്പുള്ളവ സാധൂകരിച്ച് കൊടുക്കുക എന്നുള്ളത് നിയമത്തെ വെല്ലുവിളി ക്കുന്ന നടപടിയാണ്. ഇങ്ങനെ വന്നാൽ ഇത് കേരളത്തിലെ നെൽവയലുകൾ നികത്താൻ ഭൂമാഫിയയ്ക്ക് കിട്ടുന്ന സുവർണ്ണാവസരമായിരിക്കും. ജീവന്റെ നിലനിൽപ്പിനാധാരമായ ഭൂമിയും ജലവും അന്തരീക്ഷവും നശിപ്പിക്കുന്ന നിലപാട് സ്വീകരിക്കരുത്. നെൽവയലുകളും തണ്ണീർത്തടങ്ങളും രൂപാന്തരം

വരുത്തുന്നതിന് അനുവാദം നൽകുന്ന തീരുമാനം പാരിസ്ഥിതിക പ്രശ്ന ങ്ങളും ഭക്ഷ്യപ്രശ്നങ്ങളും സൃഷ്ടിക്കുമെന്ന കാര്യത്തിൽ സംശയമില്ല. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : മന്ത്രിസഭാ തീരുമാനം മറച്ചുവച്ച് ആരെയെങ്കിലും സഹായിക്കാനെടുത്ത നിലപാടാണിതെന്ന് പ്രതിപക്ഷം തെറ്റിദ്ധരിച്ചിരിക്കുകയാണ്. വർഷങ്ങൾക്കു മുമ്പ് രൂപാന്തരം സംഭവിച്ച നെൽവയലുകളും തണ്ണീർത്തടങ്ങളും ഇപ്പോൾ റവന്യൂ രേഖകളിൽ നെൽവയലുകളും തണ്ണീർത്തടങ്ങളുമായി തുടരുന്നുണ്ട്. ഇത്തരം രൂപാന്തരങ്ങൾക്ക് ഒറ്റത്തവണ മാത്രം ക്രമപ്പെടുത്തുന്നതിനായി 01-01-2005-ന് മുമ്പായി രൂപാന്തരം വരുത്തിയിട്ടുള്ള തണ്ണീർത്തടങ്ങൾക്ക് മതിയായ ഫീസ് ഈടാക്കി അനുമതി നൽകാവുന്നതാണെന്നാണ് സർക്കാർ എടുത്തിട്ടുള്ള തീരുമാനം. കഴിഞ്ഞ സർക്കാർ 2008 വരെയുള്ളത് റെഗുലറൈസ് ചെയ്യുന്നതിനുള്ള നടപടികളുമായി പോയസ്ഥാനത്ത് 2005 വരെയുള്ളത് റെഗുലറൈസ് ചെയ്യാൻവേണ്ടിയുള്ള മറ്റ് നടപടികളുമായി മുന്നോട്ടുപോകാനുള്ള തീരുമാനമാണ് ഇപ്പോൾ എടുത്തിട്ടുള്ളത്. ഈ വിഷയത്തിൽ ഗവൺമെന്റിന് വ്യക്തമായ നിലപാടാണുള്ളത്. ഈ വിഷയം സഭാനടപടികൾ നിറുത്തി വച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിന് സമഗ്രമായ നിർദ്ദേശങ്ങൾ സ്വീകരിക്കുകയും ചർച്ച ചെയ്യേണ്ട ഫോറങ്ങളിൽ ചർച്ച ചെയ്ത് ബില്ലാക്കി സഭയിൽ വരികയും ചെയ്യുമെന്നതാണ് ആദ്യത്തെ തീരുമാനം. ഇതുസംബന്ധിച്ച് സർക്കാരിന് യാതൊന്നും മറച്ചുവയ്ക്കാനില്ല.

ഇതുസംബന്ധിച്ച് ഗൈഡ്‌ലൈൻസ് ഉണ്ടാക്കാൻ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകളോട് ആവശ്യപ്പെട്ടിരിക്കുകയാണ്. വർഷങ്ങൾക്കുമുമ്പുവച്ച വീടുകളും മറ്റുസ്വത്തുക്കളും നെൽവയലെന്നാണ് റവന്യൂ റിക്കോർഡുകൾ സൂചിപ്പിക്കുന്നത്. ഇതുസംബന്ധിച്ച് ആർക്കും ഇതുവരെ എക്സംപ്ഷൻ നൽകിയിട്ടില്ല. നടപടിക്രമങ്ങൾ പൂർത്തിയാക്കി പരസ്യപ്പെടുത്തി നിയമം നടപ്പാക്കാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. ഇതുസംബന്ധിച്ച് യാതൊരു ഉത്തരവും ഇറക്കിയിട്ടില്ല. പരിശോധിച്ച് വ്യവസ്ഥകൾ വച്ച് 01-01-2005-നു മുമ്പുള്ളത് റെഗുലറൈസ് ചെയ്യുന്നതിനെ സംബന്ധിച്ച് തീരുമാനിക്കും. കക്ഷി രാഷ്ട്രീയ ഭേദമെന്യെ പാസ്സാക്കിയ 2008-ലെ നിയമത്തിൽതന്നെ ഇളവ് നൽകാൻ വ്യവസ്ഥയുണ്ട്. 01-01-2005-ന് മുമ്പുള്ള ഭൂമി റെഗുലറൈസ് ചെയ്യുന്നത് സംബന്ധിച്ച സർക്കാരിന്റെ നിലപാടുകളെ എതിർക്കുന്നത് നിർഭാഗ്യകരമാണ്. കഴിഞ്ഞ സർക്കാർ ആറന്മുള എയർപോർട്ടിനുവേണ്ടി 2500 ഏക്കർ സ്ഥലത്തിന്റെ നോട്ടിഫിക്കേഷനാണ് പുറപ്പെടുവിച്ചതെങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നിട്ട് ആറന്മുളയിലെ ഒരിഞ്ച് ഭൂമിപോലും നികത്താൻ അനുവാദം കൊടുത്തില്ല. 2000 ഏക്കർ ഡീ-നോട്ടിഫൈ ചെയ്യാൻ തീരുമാനിച്ചുകഴിഞ്ഞു. ആറന്മുള മുൻ എം.എൽ.എ. അന്നത്തെ മുഖ്യമന്ത്രിക്ക് കൊടുത്ത കത്തിന്മേൽ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കത്തക്കവിധം ഭൂമി കൈമാറ്റം ചെയ്യുന്നതിനാവശ്യമായ സത്വരനടപടികൾ സ്വീകരിക്കാൻ ജില്ലാകളക്ടറെ ചുമതലപ്പെടുത്തുകയാണ് ചെയ്തത്. അപ്രകാരം ഭൂമി കൈമാറ്റം ചെയ്തതിനെതിരെയാണ് ശ്രീ. മുല്ലക്കര രത്നാകരൻ ആറന്മുളയിൽ പോയി പ്രസംഗിച്ചത്. മന്ത്രിസഭാ തീരുമാനത്തിനുപുറകിലുള്ള യാഥാർത്ഥ്യങ്ങളും സാഹചര്യങ്ങളും മനസ്സിലാക്കാ

തെയാണ് അടിയന്തരപ്രമേയം കൊണ്ടുവന്നിരിക്കുന്നത്. കേരള നെൽവയൽ നീർത്തട സംരക്ഷണ നിയമം കർശനമായി നടപ്പിലാക്കുകയും ജനങ്ങളുടെ പ്രായോഗിക പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കുകയും ചെയ്യുന്നതാണ്.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പ്രസ്താവന നടത്തിയശേഷം അദ്ദേഹത്തിന്റെ പാർട്ടി അംഗങ്ങളോടൊപ്പം സഭയുടെ പുറത്തുപോകുന്ന അവസരത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെതിരെ ഒരു ഭരണകക്ഷി അംഗം ആക്ഷേപ പ്രകടനം നടത്തിയെന്നും അതിനെതിരെ വിഷ്വൽസ് പരിശോധിച്ച് നടപടിയെടുക്കണമെന്നും ആവശ്യപ്പെട്ട് പ്രതിപക്ഷാംഗങ്ങൾ ബഹളം വയ്ക്കുകയും മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരിക്കുകയും ചെയ്തതിനാൽ രാവിലെ 10.47-ന് സഭ നിറുത്തിവയ്ക്കുകയും 11.35-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ വീണ്ടും സമ്മേളിക്കുകയും ചെയ്തു.)

## റൂളിംഗ്

### സഭാനടപടികൾ സുഗമമായി നടത്തുന്നത് സംബന്ധിച്ച്

മി. സ്പീക്കർ: സഭാനടപടികൾ നടത്തിക്കൊണ്ടുപോകുന്നതിനുവേണ്ടി മുഖ്യമന്ത്രി കക്ഷിനേതാക്കന്മാരുമായി സംസാരിച്ചെങ്കിലും നിലവിലുള്ള അനിശ്ചിതത്വം ഇല്ലാതാക്കാൻ കഴിയാത്തതിനാൽ ചെയറിന് ഖേദമുണ്ട്. ധനകാര്യ ബിൽ പരിഗണിക്കുന്ന ദിവസം തന്നെ ഇങ്ങനെയുണ്ടാകുന്നതും ചർച്ചകൂടാതെ പാസ്സാക്കേണ്ടിവരുന്നതും നിർഭാഗ്യകരവും ജനാധിപത്യ വിരുദ്ധവുമാണ്. സഭ നടത്തിക്കൊണ്ടുപോകാനുള്ള ഉത്തരവാദിത്വം ഭരണ

കക്ഷിക്കും പ്രതിപക്ഷത്തിനുമുണ്ട്. സഭാനടപടികളുമായി മുന്നോട്ടുപോകാൻ ചെയർ ബാദ്ധ്യസ്ഥനാണ്. ശ്രദ്ധ ക്ഷണിക്കലും സബ്മിഷനും റദ്ദ് ചെയ്യുന്നു.

**റിപ്പോർട്ട് സമർപ്പണം**

1. അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ഒൻപതാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

2. പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**ചട്ടങ്ങളുടെ ഭേദഗതിയുടെ പരിഗണന**

(നോട്ടീസ് നൽകിയ അംഗം സീറ്റലില്ലാതിരുന്നതിനാൽ അവതരിപ്പിക്കപ്പെട്ടില്ല.)

**നിയമനിർമ്മാണം**

2012-ലെ കേരള ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): **2012-ലെ കേരള ധനകാര്യ ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം സബ്ജക്ട് കമ്മിറ്റിയുമായും മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച V-ാം സബ്ജക്ട് കമ്മിറ്റിയുമായും ചേർന്ന് സംയുക്തമായി പരിഗണിക്കുന്നതിന് സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): 2012-13 വർഷത്തേയ്ക്കുള്ള ഫിനാൻസ് ബിൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള നികുതി നിർദ്ദേശങ്ങൾക്കും നികുതി ഇളവുകൾക്കും 01-04-2012 മുതൽ പ്രാബല്യം നൽകുന്നതിനായി കേരള സ്റ്റാമ്പ് ആക്ട്, കേരള ലാന്റ് ടാക്സ് ആക്ട്, ജനറൽ സെയിൽസ് ടാക്സ് ആക്ട്, മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ ആക്ട്, ലക്ഷ്വറി ടാക്സ് ആക്ട്, കേരള വാല്യൂ ആഡഡ് ടാക്സ് ആക്ട്, കേരള ഫിനാൻസ് ആക്ട് എന്നിവ ഭേദഗതി ചെയ്യുന്നതിനുവേണ്ടിയാണ് അവതരിപ്പിച്ചിരിക്കുന്നത്.

ശ്രീ. എൻ. ഷംസുദ്ദീൻ: 2012-ലെ കേരള ധനകാര്യ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-09-2012 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): 2012-ലെ കേരള ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം പാസ്സാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

2012-ലെ കേരള ധനകാര്യ ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം സബ്ജക്ട് കമ്മിറ്റിയുമായും മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച V-ാം സബ്ജക്ട് കമ്മിറ്റിയുമായും ചേർന്ന് സംയുക്തമായി പരിഗണിക്കുന്നതിന് സാമ്പത്തിക കാര്യങ്ങൾ

സംബന്ധിച്ച VIII-ാം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിക്കുകയും ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സഭ പിരിഞ്ഞാലുടൻ സബ്ജക്ട് കമ്മിറ്റി യോഗം കൂടേണ്ടതാണ്.

മി. സ്പീക്കർ: ധനകാര്യ വകുപ്പുമന്ത്രി ആവശ്യപ്പെട്ടതനുസരിച്ച് റൂൾ വേയ്വ് ചെയ്ത് സബ്ജക്ട് കമ്മിറ്റി ഇപ്പോൾ കൂടാവുന്നതാണ്.

(സഭ രാവിലെ 11.41-ന് പിരിഞ്ഞു.)

* * * * * * * * * *